**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1361** **14-03-2022 - ൽ മറുപടിയ്ക്ക്**

**എൽ.പി.എസ്.എ. തസ്തികയിലെ നിയമന അംഗീകാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ചോമ്പാല എ.ഇ.ഒ. ഓഫീസിന്റെ കീഴിലുള്ള എടച്ചേരി നോർത്ത് യു.പി. സ്കൂളിൽ എൽ.പി.എസ്.എ. തസ്തികയിൽ ശ്രീമതി ഭവ്യ പനോളിയുടെ നിയമന അംഗീകാരം സംബന്ധിച്ച് നൽകിയ 5367078/21/MIN/EDU നമ്പർ കത്തിന് ഡി.ജി.ഇ. അപേക്ഷകയെ നേരിൽ കേൾക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (എ) | ശ്രീമതി. ഭവ്യ പനോളിയുടെ നിയമനാംഗീകാരം സംബന്ധിച്ച അപ്പീൽ സമന്വയ യിൽ പരിശോധിക്കുന്ന വേളയിൽ മാനേജർ സമർപ്പിച്ച സമന്വയ അപ്പീലിൽ, ഹിയറിംഗ് ആവശ്യപ്പെട്ടിരുന്നില്ല. വിദ്യാഭ്യാസ വകുപ്പ് മന്ത്രി മുഖാന്തിരം സമർപ്പിച്ച നിവേദനം, സമന്വയ ഫയൽ പരിശോധിക്കുന്ന വേളയിൽ ആയതു ഡി.ജി.ഇ യുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. |
| (ബി) | ശ്രീമതി ഭവ്യ പനോളിയുടെ G2/234124 സമന്വയ ഫയലിൽ നിയമന അംഗീകാരം നിഷേധിച്ചതിനുള്ള കാരണങ്ങൾ നേരത്തേ തന്നെ പരിഹരിച്ച് ആയത് ഡി.ജി.ഇ. ഓഫീസിൽ രേഖാ മൂലം നൽകിയിട്ടും നിയമന അംഗീകാരം നിഷേധിച്ചതിന്റെ കാരണം വിശദമാക്കാമോ; ഇത്തരത്തിൽ ഉത്തരവാദിത്തമില്ലാതെ ഫയൽ കൈകാര്യം ചെയ്ത് അദ്ധ്യാപകരുടെ അവസരം നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രീമതി. പ്രിയരഞ്ജിനി, എൽ.പി. എസ്.ടി 06-06-2019-ന്ന രാജി വച്ച ഒഴിവിൽ ശ്രീമതി. ഭവ്യ പനോളിയെ 06-06-2019 മുതൽ എൽ.പി.എസ്.ടി ആയി മാനേജർ നിയമിച്ചു. ഈ സ്കൂളിൽ ഡിവിഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഡി.ഡി.ഇ തടസ്സം ഉന്നയിച്ച കാരണത്താലും മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നതിനാലും സ്കൂളിന്റെ ബൈലോ അംഗീകരിക്കാത്തതിനാലും ആണ് ഈ നിയമനം ഡി.ജി.ഇ ഓഫീസിൽ നിന്നും നിരസിച്ചത്. ആയത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാണ്. |
| (സി) | ബാലിശമായ കാരണങ്ങൾ പറഞ്ഞ് നിയമന അംഗീകാരം നിഷേധിക്കുന്ന വിദ്യാഭ്യാസ ഓഫീസർമാർക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ? | (സി) | ചോമ്പാല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമന്വയയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും കെ.ഇ.ആർ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ആണ് ഈ വിഷയത്തിൽ ഡി.ജി.ഇ ഓഫീസിൽ നിന്നും തീരുമാനം കൈക്കൊണ്ടത്. |

സെക്ഷൻ ഓഫീസർ